## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*4 26/02/2018-ൽ മറുപടിക്ക്

### ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>പ്രൊഫ.കെ.യു. അരുണൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പകർച്ചവ്യാധിയിതര അസുഖങ്ങൾ വർദ്ധിച്ചു വരുന്നതായും ഇരുപത് ശതമാനത്തോളം ആളുകൾ പ്രമേഹ രോഗബാധിതരാണെന്നുമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ഇത്തരം ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | എ) | ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ അമൃതം ആരോഗ്യം എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ. സ്കൂൾ കുട്ടികൾക്കായി നടപ്പാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പാക്കിയ ഷേപ്പ് (SHAPE) തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി വർക്ക് പ്ലേസ് ഇന്റർവെൻഷൻ തുടങ്ങിയ പദ്ധതികൾ ഓരോ മേഖലയിലും പ്രവർത്തിക്കുന്നവർക്കും വേണ്ടിയുള്ളതാണ്. ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷം പേരെ സ്ക്രീനിംഗ് നടത്തിയതിൽ 6.09 ലക്ഷം പുതിയ പ്രമേഹ രോഗികളെയും, 7.18 ലക്ഷം പുതിയ രക്താദിസമ്മർദ്ദം ഉള്ളവരെയും കണ്ടെത്താൻ കഴിഞ്ഞു. ജില്ലാ ആശുപത്രികളിൽ എൻ.സി.ഡി ക്ലിനിക്കുകൾ ആരംഭിക്കുകയും, ഇവയിൽ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലി രോഗ നിർണ്ണയവും ചികിത്സയും നൽകുന്നതിനായി സഞ്ചരിക്കുന്ന ജീവിതശൈലി രോഗ |

| | | | |
|---|---|---|---|
| | | | ക്ലിനിക്കുകൾ - care on wheels & care on waves അഞ്ച് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. സ്ട്രോക്ക് ക്ലിനിക്ക്, കൊറോണറി കെയർ യൂണിറ്റ്, സി.ഒ.പി.ഡി ക്ലിനിക്ക് (SWAAS) എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. |
| ബി) | ജീവിതശൈലീ രോഗബാധിതരെ യഥാസമയം കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400 ഓളം വരുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും സജ്ജീകരിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തിവരുന്നു. ഇതിനു പുറമേ ജില്ലാ ഉപജില്ലാ ആശുപത്രികളിൽ കൂടി ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള പരിശീലനം ആരോഗ്യ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും നൽകിയിട്ടുള്ളതും പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എല്ലാ യൂണിറ്റുകൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണ്. രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധരുടെ മേൽ നോട്ടത്തിൽ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. ദീർഘ നാളായി രോഗമുള്ള ജനങ്ങൾക്ക് complication screening-ഉം ചികിത്സയും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. |
| സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | സി) | സംസ്ഥാനം ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച ആരോഗ്യ പരിപാടിയായ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഇതിൽ 93 എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്കാവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, |

| | | | |
|---|---|---|---|
| | | | നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്-ലറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീ ചെക്കും കൗൺസിലിങ്ങും, വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലാബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നു.<br>ഈ വർഷം തിരഞ്ഞെടുത്ത മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന മേധാവികൾ, ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ പ്രധാന ജീവനക്കാർ തുടങ്ങിയവർ അടങ്ങുന്ന പത്തുപേർ വീതമുള്ള ഗ്രൂപ്പിന് കിലയിൽ വെച്ച് പ്രത്യേക പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവർക്കുള്ള പ്രത്യേക ട്രെയിനിംഗ് പ്രോഗ്രാമുകൾ എസ്.എച്ച്.എസ്.ആർ.സി വഴി നടത്തി വരുന്നു. ഫീൽഡ് സ്റ്റാഫിനും സൂപ്പർവൈസർമാർക്കുമുള്ള പരിശീലന പരിപാടി തൃശ്ശൂർ കിലയിൽ വച്ച് നടത്തുവാനാരംഭിച്ചിട്ടുണ്ട്. രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി പ്രത്യേക ചികിത്സാ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.<br>ഈ സാമ്പത്തിക വർഷം (2017-18) 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാനായി തിരഞ്ഞെടുത്തു. ഇവിടങ്ങളിൽ നിലവിലുള്ളതിനു പുറമെ ഒരു ഡോക്ടർ രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് 150 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള പൊതുവായ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ